പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 799 — 14-10-2026-ൽ മറുപടിയ്ക്ക്

<u>വനം വകുപ്പിലെ ആർ. ആർ. ടി. കളുടെ പ്രവർത്തനം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. മുഹമ്മദ് മുഹസിൻ

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തു വനം വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര ആർ. ആർ. ടി. (റാപിഡ് റെസ്പോൺസ് ടീം) കൾ രൂപീകരിച്ചിട്ടുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് വനം വകുപ്പിന്റെ കീഴിൽ നിലവിൽ 29 ആർ.ആർ.ടി. കൾ രൂപീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** പ്രസ്തുത ആർ. ആർ. ടി. കളിൽ ഓരോന്നിലും ഏതൊക്കെ തസ്തികയിൽ എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും അവർക്കു എന്തെല്ലാം സുരക്ഷാ സൗകര്യങ്ങളാണ് നല്കിയിട്ടുള്ളതെന്നും അറിയിക്കാമോ;

**<u>മറുപടി:</u>** പുതുതായി രൂപീകരിച്ച 9 ആർ.ആർ.ടി-കളിൽ 9 വീതം സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് ഡ്രൈവർ, പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന 20 ആർ.ആർ.ടി-കളിൽ അതാത് ഡിവിഷനുകളിലെ/റെയിഞ്ചുകളിലെ ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് അധിക ചുമതല നൽകിയും സെക്ഷൻ ഫോറസ്റ്റ് ഓഫീസർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ, ഫോറസ്റ്റ് വാച്ചർ എന്നീ തസ്തികകൾ പുനർവിന്യസിച്ച് ജോലി ക്രമീകരണ വ്യവസ്ഥയിലുമാണ് പ്രവർത്തിക്കുന്നത്.

ആർ.ആർ.ടി. ടീമുകളുടെ ഉപയോഗത്തിന് ആവശ്യമായ വാഹനങ്ങളും, ഉപകരണങ്ങളായ പമ്പ് ആക്ഷൻ ഗൺ, ബൈനോക്കുലർ, ബോഡി പ്രൊട്ടക്ഷൻ ഷീൽഡ്, ഹണി ബീ പ്രൊട്ടക്ഷൻ ഷീൽഡ്, സെർച്ച് ലൈറ്റ്, ടോർച്ച്, സേഫ്റ്റി ബൽറ്റ്, റിഫ്ലക്ട് ജാക്കറ്റ്, സ്നേക്ക് റസ്ക്യൂ കിറ്റ്, റോപ്, മെറ്റൽ ഡിറ്റക്ടർ, ക്യാമറാ ട്രാപ്പ്, വീഡ് കട്ടർ, ബ്ലോവർ, ലാഡർ, ഹെഡ് ലൈറ്റ്, വാക്കി ടാക്കി, ട്രാൻക്വിലൈസിംഗ് ഗണ്ണുകളും അനുബന്ധ സാമഗ്രികളും (15 യൂണിറ്റ്), 50 എണ്ണം 12-ബോർ പമ്പ് ആക്ഷൻ തോക്കുകളും 4,642 തിരകൾ, 43 ഡേലൈറ്റ് പേലോഡുകളോടുകൂടിയ സ്റ്റാൻഡേർഡ് ഡ്രോണുകൾ എന്നിവ നൽകിയിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയോടു കൂടിയ കമ്മ്യൂണിക്കേഷൻ സംവിധാനങ്ങൾ, വിവിധ തലത്തിലുള്ള പരിശീലന പരിപാടികൾ, ഇൻഷ്വറൻസ് പരിരക്ഷ, ആരോഗ്യ പരിശോധനകൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്.

**(സി)** ആർ. ആർ. ടി. കളിലേക്ക് പ്രത്യേക തസ്തിക അനുവദിക്കാതെ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ വിന്യസിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് മൂലം ബീറ്റ്

ജോലികൾ ചെയ്യുന്ന ജീവനക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ആർ. ആർ. ടി. കളിൽ പ്രത്യേക തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകാത്ത രീതിയിലും മറ്റ് ജോലികൾക്ക് തടസ്സം സൃഷ്ടിക്കാത്ത രീതിയിലും ക്രമീകരണം നടത്തി വരുന്നു.

**സെക്ഷൻ ഓഫീസർ**